**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3506 — 22.08.2017 ൽ മറുപടിക്ക്

ആലത്തൂർ നിയോജകമണ്ഡലത്തിലെ ആരോഗ്യകേന്ദ്രങ്ങളിലെ സ്റ്റാഫ് നിയമനം

| ചോദ്യം<br>ശ്രീ.കെ.ഡി. പ്രസേനൻ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ആലത്തൂർ നിയോജകമണ്ഡലത്തിലെ താലൂക്ക് ആശുപത്രിയിലും, സി.എച്ച്.സി., പി.എച്ച്.സി. കളിലും ആവശ്യത്തിന് സ്റ്റാഫ് നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ)<br>&<br>(ബി) | പാലക്കാട് ജില്ലയിലെ ആലത്തൂർ നിയോജകമണ്ഡലത്തിലെ ആരോഗ്യസ്ഥാപനങ്ങളാണ് ആലത്തൂർ താലൂക്ക് ആശുപത്രി, കുഴൽമന്ദം സി.എച്ച്.സി, പ്രാഥമികാരോഗ്യകേന്ദ്രങ്ങളായ മേലാർക്കോട്, തേങ്കുറിശ്ശി, വണ്ടാഴി, കിഴക്കഞ്ചേരി എന്നിവ. 1961-ലെ സ്റ്റാഫ് പാറ്റേൺ അനുസരിച്ചാണ് ഇപ്പോഴും എല്ലാ സ്ഥാപനങ്ങളിലും തസ്തിക തുടരുന്നത്. ഇതിൽ വണ്ടാഴി, കിഴക്കഞ്ചേരി എന്നീ പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ ആർദ്രം മിഷൻ പദ്ധതിയിലൂടെ സ.ഉ.(ആർറ്റി) 845/2017/ആകുവ, തീയതി 28.03.2017 പ്രകാരം കുടുംബ ആരോഗ്യ കേന്ദ്രമാക്കി ഉയർത്തുന്നതിന് തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. പദ്ധതി പ്രകാരം ടി ആശുപത്രികളിൽ ഓരോ ഡോക്ടർമാരും, ഓരോ ലാബ് ടെക്നീഷ്യൻമാരും രണ്ട് സ്റ്റാഫ് നഴ്സുമാരുടേയും അധിക തസ്തികകൾ സ.ഉ. (എം.എസ്) 75/2017/ആകുവ, തീയതി 12.5.2017 പ്രകാരം സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്. ഇതിൽ ഡോക്ടർമാരും, ലാബ് ടെക്നീഷ്യൻമാരും ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്. സ്റ്റാഫ് നഴ്സുമാരുടെ ഒഴിവ് നികത്തുന്നതിനായി പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത ആരോഗ്യകേന്ദ്രങ്ങളിൽ ഒഴിവുള്ള തസ്തികകളിൽ അടിയന്തിരമായി നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ